**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3291** **04-08-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതാ ശിശുക്ഷേമ വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | (എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | അതിക്രമങ്ങൾക്കിരയാകുന്നവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | ബി)അതിക്രമങ്ങൾക്കിരയാകുന്നവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വനിതശിശു വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## <u>സ്ത്രീകൾക്കെതിരെ വർദ്ധിച്ച വരുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ</u>

സമീപ കാലങ്ങളിൽ വർദ്ധിച്ച വരുന്ന സ്ത്രീ പീഡനങ്ങൾക്ക് പ്രധാന കാരണം സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന ലിംഗ അസമത്വമാണ്. സ്ത്രീ പീഡനങ്ങൾ/ഗാർഹിക പീഡനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ച വരുന്നു.

സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കി. പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകി. ടി

വിഷയങ്ങളെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനായി ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ സഹിക്കുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവാൻമാരാക്കുവാൻ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകി. കൂടാതെ സൂപ്പർവൈസർമാർ, അതത് പഞ്ചായത്ത്/സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളുമായി ഹിയറിംഗ് നടത്തുവാനും, അവർക്ക് നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും, ആയതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ അടുത്തേയ്ക്ക് അയക്കുവാനും നിർദ്ദേശം നൽകിയതിനൊപ്പം അതിക്രമങ്ങൾക്കിരയാകുന്ന സത്രീകൾക്ക് പരാതിപ്പെടാൻ അവസരം നൽകുന്ന വകുപ്പിന്റെ വിവിധ പദ്ധതികളെപ്പറ്റിയും അതിക്രമത്തിനിരയായ സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ഷെൽട്ടർ ഹോമുകളെപ്പറ്റിയും പൊതുജനങ്ങൾക്ക് അറിവ് പകർന്നുകൊടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ

എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുവാനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു.

പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജെന്റർ ഓഡിറ്റിംഗ് നടത്തി സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത ഇടങ്ങളെ കണ്ടെത്തുകയും, ടി സ്ഥലങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനും, കൂടുതൽ സുരക്ഷിതമാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പൊതു ജനങ്ങളുടെ ഇടയിൽ ലിംഗ പദവി സമത്വത്തെക്കുറിച്ചും, സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയും അതിക്രമങ്ങൾ ഉണ്ടായാൽ പരാതിയിൻമേൽ അടിയന്തിര നടപടികൾ സ്വീകരിക്കാനുമുള്ള പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുന്നതാണ്. ആയതിനായി വൺ സ്റ്റോപ്പ് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. കൂടാതെ സ്ത്രീകൾക്ക് രാത്രി കാലങ്ങളിൽ സുരക്ഷിതമായും നിർഭയമായും സഞ്ചരിക്കാൻ 'സധൈര്യം മുന്നോട്ട് എന്ന പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി നടപ്പിലാക്കിയ 'പൊതുയിടം എന്റേതും' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് രാത്രി നടത്തം, രാത്രികാല ഷോപ്പിംഗ് മുതലായ

പരിപാടികളും സംഘടിപ്പിച്ചിരുന്നു. സ്ത്രീകൾ രാത്രി പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നതിനെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന പ്രാകൃത ചിന്താഗതി കാലക്രമേണ മാറ്റിയെടുക്കുന്നതിനും, കൂടുതൽ സ്ത്രീകളെ രാത്രി കാലങ്ങളിൽ സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നതിനുമായി പ്രസ്തുത പരിപാടി തുടർന്ന് പോകുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ജെണ്ടർ,ജെണ്ടറും നിയമങ്ങളും കുട്ടികളുടെ നിയമങ്ങൾ, ജീവിതനൈപുണി, മാനസികാരോഗ്യം, പാരന്റിംഗ്, കൗൺസിലിംഗ് ആന്റ് ഗൈഡൻസ്, മീഡിയ എന്നീ വിഷയങ്ങളിൽ റിസോഴ്സ് പേഴ്സണ് പരിശീലനം നല്കി. ഒ.എസ്.സി.കൾ മുഖാന്തരം നിരവധി വെബിനാർ/ ഗൂഗിൾ മീറ്റ് എന്നിവയിലൂടെ ഐ.ഇ.സി. ക്യാമ്പയിനുകൾ നടത്തി വരുന്നു. നിർഭയ ദിനത്തോടനുബന്ധിച്ച് സ്ത്രീ സുരക്ഷ മുദ്രാ വാക്യങ്ങൾ ആലേഖനം ചെയ്ത സ്റ്റിക്കറുകൾ തിരുവനന്തപുരം,എറണാകുളം ജില്ലകളിലെ ഡബിൾ ഡക്കർ ബസ്സുകളിൽ പതിപ്പിക്കുകയും ആകാശ വാണി,എഫ്.എം റേഡിയോ,ടെലിവിഷൻ,സമൂഹ മാധ്യമങ്ങൾ എന്നിവയിലൂടെ ബോധ വത്ക്കരണ പരിപാടികളും നടപ്പിലാക്കി.

<u>**കുട്ടികൾക്കെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ**</u>

- കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനുള്ള പാരന്റിംഗ് ക്യാമ്പയിന്റെ ഭാഗമായിഹ്രസ്വ ചിത്രം, ഡോക്യുമെന്ററി, പോസ്റ്ററുകൾ ,സെമിനാറുകൾ, എഫ്.എം, ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

- പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന രക്ഷിതാക്കൾക്കും കുട്ടികൾക്കും വിദഗ്ധ സഹായം നല്കുന്നതിനായി ബ്ലോക്കു തലത്തിൽ പാരന്റിംഗ് ക്ലിനിക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- G.O.(Ms)No.68/12/SJD Dated 09.11.2012 and G.O.(Rt)No.44/2017/SJD Dated 03.07.2017 ഉത്തരവുകൾ പ്രകാരം ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ വില്ലേജ്, പഞ്ചായത്ത്,കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലത്തിൽ ചൈൽഡ പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും ടി കമ്മിറ്റികൾ ശാക്തീകരിക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ ജന പ്രതിനിധികൾക്കും വകുപ്പിലെ ജീവനക്കാർക്കും പരിശീലനം നല്കിയിട്ടുണ്ട്.

- കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിദഗ്ധ പരിചരണം നല്കുന്നതിനുമായി ജില്ലാ തലത്തിൽ ജില്ലാ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്.

- കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫല പ്രദമായി തടയുന്നതിനായി ബാലസുരക്ഷ പ്രോട്ടോക്കോൾ രൂപീകരിച്ചിട്ടുണ്ട്.ആയതു പ്രകാരം പൊതുജനങ്ങൾക്കും ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾക്കും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖാന്തരം ബോധ വത്ക്കരണം നല്കിയിട്ടുണ്ട്.
- ജില്ലാതലത്തിൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി അദ്ധ്യക്ഷനായി വിവിധ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി ജില്ലാ ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി 25.03.2019 ലെ സർക്കാർ ഉത്തരവ് നമ്പർ 169/2019/സാനീവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ വൈകാരിക-മാനസിക

സാമൂഹ്യ-പഠന പ്രശ്നങ്ങൾ ശാസ്ത്രീയമായ രീതിയിൽ മുൻകൂട്ടി കണ്ടെത്തി കുട്ടികൾക്കാവശ്യമായ ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതി നടപ്പിലാക്കി വരുന്നു. ഓ.ആർ.സി പദ്ധതിയിലൂടെ രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾ അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ പരിശീലനങ്ങളും നൽകി വരുന്നു.

- സമൂഹത്തിൽ അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും കുട്ടികൾക്ക് ശാരീരിക മാനസിക-സാമൂഹിക പരിരക്ഷയും പരിചരണവും നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് കാവൽ പ്ലസ് (കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ ആന്റ് റീ-ഇന്റിഗ്രേഷൻ ഓഫ് ചിൽഡ്രൻ ഇൻ നീഡ് ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ ത്രൂ സൈക്കോ സോഷ്യൽ അപ്രോച്ച്) എന്ന പദ്ധതി. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിഷമകരമായ സാഹചര്യങ്ങളിലേയ്ക്ക് എത്തിപ്പെടാൻ സാധ്യതയുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി സംരക്ഷിയ്ക്കുകയും ഗുരുതരമായി അപകടങ്ങൾ (ലൈംഗികാതിക്രമം, ശാരീരിക മർദ്ദനം, തുടങ്ങിയവ) നേരിടുന്നതിൽനിന്നും അവരെ സംരക്ഷിയ്ക്കാൻ സാധിയ്ക്കുന്നു.
- നിയമവുമായി പൊരുത്തപ്പെടാനാകാതെ കുട്ടികൾക്ക് മാനസിക-സാമൂഹിക സംരക്ഷണം നൽകി വീണ്ടും നിയമത്തെ വെല്ലുവിളിയ്ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ സമൂഹത്തിൽ തന്നെ പുനരധിവസിപ്പിയ്ക്കുന്ന പദ്ധതിയാണ് കാവൽ. പദ്ധതി

പ്രവർത്തനങ്ങളുടെ ഭാഗമായി ബാലനീതി ബോർഡ് മുമ്പാകെ എത്തുന്ന കുട്ടികൾ ഭാവിയിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് മുതിർന്ന കോടതികളിൽ എത്തുന്നത് കുറയ്ക്കുകയും ഈ കുട്ടികളും കുടുംബാംഗങ്ങളും സാമൂഹികപരമായ ആരോഗ്യജീവിതം നയിക്കുവാൻ പ്രാപ്തരാക്കുന്നു.

## അനുബന്ധം 2

**സ്ത്രീകൾക്ക് നേരെയുള്ള വിവിധ അതിക്രമങ്ങൾ നേരിടാൻ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

**വനിതസംരക്ഷണ ഓഫീസ്**

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. നടപ്പ് വർഷം 20 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ/ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**നിർഭയ**

ലൈംഗികാതിക്രമങ്ങൾക്ക് വിധേയയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസം, എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നിർഭയ പോളിസി നടപ്പിലാക്കുന്നു. 18 ഷെൽട്ടർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്.

**കാതോർത്ത്**

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതുമായ ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന് പേരിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. kathorthuwcd@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെട്ടാൽ സ്ത്രീകളുടെ പരാതി

കേൾക്കുന്നതിനും പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ലഭ്യമാകുന്നതിനും സംവിധാനം ഒരുക്കിയിരിക്കുന്നു. സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്ന് കൊണ്ട് പ്രശ്നപരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

<u>രക്ഷാദൂത്</u>

ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പുംസഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വനിതകൾക്കോ കുട്ടിക്കോ അവരുടെ പ്രതിനിധിക്കോ പരാതി സമർപ്പിക്കാൻ ഈ പദ്ധതിയിലൂടെ കഴിയും. അതിക്രമത്തിനിരയായ വനിതയോ അവരുടെ പ്രതിനിധിയോ പോസ്റ്റ്ഓഫീസിൽ എത്തി "തപാൽ" എന്ന് കോഡ് പറഞ്ഞാൽ പോസ്റ്റ്മാസ്റ്റർ/ മിസ്ട്രസ്സിന്റെ സഹായത്തോട്ടുകൂടി ഒരു പേപ്പറിൽ സ്വന്തം മേൽവിലാസം എഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്ത പക്ഷം അതിക്രമത്തിനിരയായ സ്ത്രീയ്ക്കോ/കുട്ടിക്കോ അവരുടെ തൊട്ടടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ള പേപ്പറിൽ പൂർണമായ മേൽവിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത് പുറത്ത് "തപാൽ" എന്നെഴുതി നിക്ഷേപിക്കാവുന്നതാണ്. സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല.

<u>വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292</u>

പരാതികൾ മേൽ വാർട്ട്സാപ് നമ്പരിൽ അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) ഒരാഴ്ചയ്ക്കകം നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO)

അടിയന്തിരമായോ അല്ലെങ്കിൽ 48 മണിക്കൂറുകൾക്കുള്ളിലോ നടപടി സ്വീകരിക്കുന്നതുമാണ്.

181 മിത്ര ഹെൽപ്പ് ലൈൻ

സ്ത്രീകൾക്ക് ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ച് പരാതിപ്പെടാം. കൗൺസിലിംഗ് സഹായം ലഭ്യമാണ്.

വൺസ്റ്റോപ്പ് സെന്റർ

ഗാർഹിക-ലൈംഗിക അതിക്രമത്തിലെ ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. വൈദ്യ സഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നീ സേവനങ്ങൾ ലഭ്യമാണ്.

ഇതു കൂടാതെ അതിക്രമത്തിനിരയായ സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ സ്വാധാർഗ്രഹ്, ഉജ്ജ്വല പദ്ധതികൾ വഴി നടപ്പിലാക്കുന്ന ഷെൽട്ടർ ഹോമുകളും വകുപ്പ് നടത്തുന്നുണ്ട്. എല്ലാ ജില്ലകളിലും ഗാർഹികാതിക്രമങ്ങൾ, ലിംഗാധിഷ്ഠിത അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകളുടെ സംരക്ഷണത്തിനായി വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ പുതുതായി ഒരു എസ്.ഐ.എസ്. മോഡൽ ഹോമും തൃശ്ശൂർ ജില്ലയിൽ മോഡൽ ഹോമും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഒരു സ്പെഷ്യൽ ഹോമും പ്രായപൂർത്തിയാകാത്തതും ലൈംഗികാതിക്രമത്തെ തുടർന്ന് ഗർഭിണികളായും പ്രസവിച്ചവരുമായ പെൺകുട്ടികൾക്ക് ഇന്റഗ്രേറ്റഡ്

ചൈൽഡ് കെയർ സെന്റർ എന്ന പേരിൽ ഒരു ഹോം ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു.

<u>കുട്ടികൾക്ക് നേരെയുള്ള വിവിധ അതിക്രമങ്ങൾ നേരിടാൻ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ</u>

- ആശ്വാസനിധി -അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് interim relief നൽകുന്നതിനായുള്ള പദ്ധതി

- മാസ്റ്റർ ഷെഫീവ് കമ്മിറ്റി കരുതൽ തുക - അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് അടിയന്തിര വൈദ്യ സഹായം നൽകുന്നതിനുള്ള പദ്ധതി

- ബാലനിധി- സമൂഹത്തിൽ വിവിധ ബുദ്ധിമുട്ടുകൾഅനുഭവിയ്ക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി ബാലനീതി നിയമം 2015 പ്രകാരം രൂപീകരിച്ചിട്ടുള്ളത്.

- അതിക്രമങ്ങൾക്കിരയാകുന്നതും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ പുനരധിവസിപ്പിയ്ക്കുന്നതിനുമായി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് കേസ് ,വിചാരണ എന്നീ ഘട്ടങ്ങളിൽ ആവശ്യമായ പിന്തുണ നൽകുന്നതിനും നിയമ സഹായം നൽകുന്നതിനുമായി സപ്പോർട്ട് പേഴ്സൺ, വിദഗ്ദർ എന്നിവരുടെ സഹായം സൗജന്യമായി നൽകിവരുന്നു. ലൈംഗികാതിക്രം അതിജീവിതരായ സ്ത്രീകളെയും കുട്ടികളെയും സുരക്ഷിതമായി താമസിപ്പിക്കുന്നതിലേക്ക് 16 വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളും 12 വയസ്സിന് താഴെയുള്ള അതിജീവിതരായ കുട്ടികൾക്ക് 2 എസ്.ഒ.എസ്.മോഡൽ ഹോമുകളും പ്രവർത്തിച്ചു വരുന്നു.